**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും മത്സ്യ-അനുബന്ധമേഖലകളുടെ നവീകരണത്തിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന വിവിധ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയും അവയുടെ നിർവ്വഹണ പുരോഗതിയും വിശദീകരിക്കാമോ? | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും മത്സ്യ-അനുബന്ധ മേഖലകളുടെ നവീകരണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. ഭവന പദ്ധതി**

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയതിൽ സ്ഥലത്തിനും വീടിനുമായി ആവശ്യമായ 2.41 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകുകയും മാറി താമസിക്കാൻ തയ്യാറായ 22 മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.

**2. ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളുടെ പുനരധിവാസം**

തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും, വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്തു ഭവന നിർമ്മാണം പുരോഗമിക്കുന്നു. ഭവന രഹിതരായ 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 212.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**3. ഭവന പുനരുദ്ധാരണം**

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി.

**4. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം**

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോ പകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് 7.37 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

**5. വിദ്യാഭ്യാസ ധനസഹായ പാക്കേജ്**

ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബത്തിൽപ്പെട്ട 194 വിദ്യാർത്ഥികളുടെ പഠനത്തിനായി നാളിതുവരെ 244.25 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്.

**6. മറൈൻ ആംബുലൻസ്**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച്

പ്രവർത്തിച്ചു വരുന്നു. മൊത്തം ആവശ്യമായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു.

**7. <u>ലൈഫ് ജാക്കറ്റ് വിതരണം</u>**

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

**8. <u>നാവിക് ഉപകരണങ്ങൾ നൽകൽ</u>**

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്ത് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി നാളിതുവരെ 229.5 ലക്ഷം രൂപ ചെലവഴിക്കുകയും 941 നാവിക് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

**9. <u>സാറ്റലൈറ്റ് ഫോൺ</u>**

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിക്കുകയും 225.36 ലക്ഷം രൂപ ചെലവഴിച്ച് 236 ഗുണഭോക്താക്കൾക്ക് സാറ്റ് ലൈറ്റ് ഫോൺ വിതരണം ചെയ്തിട്ടുണ്ട്.

**10. <u>കടൽ സുരക്ഷാസ്ക്വാഡ്</u>**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമുള്ള ട്രെയിനിംഗ് ചെലവുകൾക്കായി 5.47 കോടി രൂപ ചെലവഴിച്ചു. ഇതുവരെ 15 ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള 719 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. പരിശീലനം പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളികളിൽ നിന്നും 100 പേരെ സംസ്ഥാനത്തെ 15 പ്രധാനപ്പെട്ട ഹാർബറുകളിൽ താത്കാലിക റെസ്ക്യൂ സ്ക്വാഡുകളായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**11. <u>എഫ്.ആർ.പി ബോട്ട്</u>**

120 എഫ്.ആർ.പി ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റെവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് അനുമതി ലഭിച്ചു. നാളിതുവരെ 109 ബോട്ടുകളുടെ പണി പൂർ

ത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അനുസാരികൾ എന്നിവ മത്സ്യഫെഡ് വഴി നൽകി വരുന്നു. കേന്ദ്ര സംസ്ഥാന വിഹിതമായി 7.96 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

## 12. ആധുനിക സമുദ്ര ഭക്ഷ്യ സംസ്്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

ഓഖി ദുരന്തത്തിൽ മരണപ്പെട്ട/ കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകി. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല. നാളിതുവരെ ടി പദ്ധതിക്കായി 82.995 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

| ക്രമ.നം | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനം(1338 ലക്ഷം) | പുലിമുട്ടിന്റെ റിപ്ലെണിഷ്മെന്റ് പ്രവൃത്തി ഏകദേശം പൂർത്തീകരിച്ചു. പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (1720 ലക്ഷം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനം (844 ലക്ഷം) | ടെട്രാപോഡ് നിക്ഷേപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |
| 4 | മുനമ്പം ഫിഷിംഗ് ഹാർബറിന്റെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (1057 ലക്ഷം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | കൊല്ലം ജില്ലയിലെ നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനം (511.00 ലക്ഷം) | പ്രവൃത്തി പൂർത്തീകരിച്ചു. |